FEBRUARY 2

# ലോക തണ്ണീർത്തട ദിനം

● അനൂപ് അനന്തൻ

**ലോക തണ്ണീർത്തട ദിനാചരണ വേളയിൽ അവതരിപ്പിക്കാനുള്ള ചെറു പ്രസംഗമിതാ...**

പ്രിയപ്പെട്ട ഗുരുജനങ്ങളേ, സുഹൃത്തുക്കളേ, നാമിന്ന് ഒത്തുകൂടിയിരിക്കുന്നത് ലോക തണ്ണീർത്തട ദിനാചരണത്തിന്റെ ഭാഗമായാണ്. തണ്ണീർത്തടങ്ങളെ ഭൂമിയുടെ വൃക്കകൾ എന്നാണ് വിശേഷിപ്പിക്കാറുള്ളത്.

സർവജീവജാലങ്ങളുടെയും നിലനിൽപ്പുതന്നെ അപകടത്തിലായിരിക്കുന്ന കാലത്താണ് നാം ജീവിക്കുന്നത്. കുടിവെള്ളം കിട്ടാക്കനിയായി മാറുന്നു. 44 നദികളും ഏറെ കായലുകളും അനേകം തണ്ണീർത്തടങ്ങളും കൊണ്ട് സമ്പന്നമായ നമ്മുടെ കൊച്ചുകേരളം പോലും വേനൽ ശക്തിപ്രാപിക്കുന്നതോടെ വരൾച്ചയുടെ പിടിയിലാവുകയാണ്. വർഷത്തിൽ ആറുമാസമെങ്കിലും ജലത്താൽ ചുറ്റപ്പെട്ട, തനതായ പാരിസ്ഥിതിക സവിശേഷതകൾ ഉള്ള ഭൂപ്രദേശമാണ് തണ്ണീർത്തടം.

ജലസസ്യങ്ങൾക്കും ജീവികൾക്കും കഴിയുവാൻ അനുയോജ്യമായ ഇത്തരം പ്രദേശങ്ങളിൽ ചെളികലർന്നതും ജൈവാവശിഷ്ടങ്ങളാൽ സമ്പുഷ്ടവുമായ മണ്ണ് കാണപ്പെടുന്നു. ചെറുതും വലുതുമായ തടാകങ്ങൾ, നദികൾ, അരുവികൾ, അഴിമുഖങ്ങൾ, കണ്ടൽ, പവിഴപ്പുറ്റുകൾ, ചതുപ്പ് എന്നിവ നിറഞ്ഞ പ്രദേശങ്ങൾ, താഴ്ന്ന നിരപ്പിലുള്ള നെൽവയലുകൾ, അണക്കെട്ടുകൾ, ജലസംഭരണികൾ, ഋതുഭേദങ്ങളാൽ വെള്ളത്തിനടിയിലായ സമതല പ്രദേശങ്ങൾ, വനഭൂമികൾ എന്നിവയെല്ലാം തണ്ണീർത്തടത്തിന്റെ പൊതുവായ നിർവചനത്തിൽ വരും.

എല്ലാ വർഷവും ഫെബ്രുവരി രണ്ടിനാണ് ലോക തണ്ണീർത്തട ദിനം ആചരിക്കുന്നത്. 1971 ഫെബ്രുവരി രണ്ടിന് ഇറാനിലെ കാസ്പിയൻ കടൽത്തീരത്തെ റാംസർ നഗരത്തിലാണ് ലോക തണ്ണീർത്തട ഉടമ്പടി ഒപ്പുവെച്ചത്. ഈ ദിവസത്തിന്റെ ഓർമ്മ നിലനിർത്താനും തണ്ണീർത്തടങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങളിൽ അവബോധം



▸▸ പാമ്പാർ നദിയുടെ മറ്റൊരു പേര് – തലയാർ

സൃഷ്ടിക്കാനുമായി 1997 ഫെബ്രുവരി 2 മുതലാണ്, ലോക തണ്ണീർത്തട ദിനം ആചരിക്കാൻ തുടങ്ങിയത്.

ഇതനുസരിച്ച് ഓരോ വർഷവും റാംസർ സെക്രട്ടേറിയറ്റ് തണ്ണീർത്തട സംരക്ഷണത്തിൻെറ പ്രാധാന്യം ജനങ്ങളിലത്തിക്കുന്ന വ്യത്യസ്തമായ വിഷയം അവതരിപ്പിക്കാറുണ്ട്. ''തണ്ണീർത്തടങ്ങളും ജൈവവൈവിധ്യവും'' എന്നതാണ് 2020- ലെ ലോക തണ്ണീർത്തട ദിനത്തിന്റെ വിഷയം.

പ്രകൃതിചൂഷണം പാരമ്യത്തിലെത്തിനിൽക്കുന്ന പുതിയകാലത്ത് പ്രകൃതി സംരക്ഷണ ദിനാചരണങ്ങൾക്ക് പ്രസക്തിയേറെയാണ്. എന്നാൽ, തണ്ണീർത്തടങ്ങൾ നശിപ്പിക്കാൻ മനുഷ്യൻ മത്സരിച്ചുകൊണ്ടിരിക്കുകയാണ്. മാലിന്യങ്ങൾ നിക്ഷേപിച്ചും, നിലം മണ്ണിട്ട് നികത്തിയും, അനധികൃത നിർമ്മാണവും, കൈയേറ്റവും ഒക്കെ തണ്ണീർത്തടങ്ങൾക്ക് ഭീഷണി ആയിരിക്കുകയാണ്. ഇത്തരം പ്രവൃത്തിയിലൂടെ ഭൂഗർഭ ജലത്തിൻെറ അളവ് താഴ്ന്നുകൊണ്ടിരിക്കുകയാണ്.

വരാൻ പോകുന്ന വരൾച്ചക്ക് നമ്മൾ അറിഞ്ഞുകൊണ്ട് കാരണക്കാരാവുകയാണ്. വരുംതലമുറക്ക് ഈ പ്രകൃതിയെ നശിപ്പിക്കാതെ കൈമാറേണ്ടത് നാമോരുത്തരുടെയും കടമയാണ്. സാധ്യമായ മാർഗങ്ങളിലൂടെ നമ്മുടെ തണ്ണീർത്തടങ്ങൾ സംരക്ഷിക്കേണ്ട കാലം അതിക്രമിച്ചുകഴിഞ്ഞു. വരും നാളുകളിൽ അത്തരം പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതിലൂടെ മാത്രമേ വരുംകാല ജീവിതം ശോഭനമാവുകയുള്ളൂ. കുടിവെള്ളം കിട്ടാക്കനിയായി മാറുന്ന കാലത്തെക്കുറിച്ച് ചിന്തിക്കാൻ പോലും നമുക്ക് കഴിയില്ല. കാലാവസ്ഥാ വ്യതിയാനം ഇന്ന് വലിയ ഭീഷണിയാണ്. പ്രളയമഴ പെയ്തിട്ടും കേരളത്തിൽ കുടിവെള്ള ക്ഷാമം നിലനിൽക്കുകയാണ്. നമ്മുടെ പ്രകൃതി മനുഷ്യൻെറ ക്രൂരതക്കെതിരെ പ്രതികരിക്കാൻ തുടങ്ങിയിരിക്കുന്നു. ഈ സാഹചര്യത്തിൽ, ഞാനും നിങ്ങളും പ്രകൃതി സംരക്ഷണത്തിൻെറ ഭാഗമാവേണ്ടത് അനിവാര്യമാണെന്ന് മാത്രം ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ നിർത്തട്ടെ. എല്ലാവർക്കും നന്ദി.

•






**കഥാസാരം:** റോഡിൽ രക്തമൊലിച്ച് കിടക്കുന്ന ഷെപ്പാർ ഗ്രാമത്തിലെ ബാലനെ ശുനക് ഹോസ്പിറ്റലിലെത്തിച്ചു. അവന്റെ കൈയിലുണ്ടായിരുന്ന പേന പ്രൊഫസർ പ്യാരീബാലിന്റേതാണെന്ന് മനസ്സിലായി. ബാലനെയിടിച്ച വണ്ടിയുടെ ഡ്രൈവറേയും പിടികൂടി. പ്രൊഫസർ പ്യാരീബാൽ ഹോസ്പിറ്റലിലെത്തി. പ്രൊഫസറെ കുറിച്ചും അദ്ദേഹത്തിന്റെ അനിയൻ ഗുർമിത് ലാലിനെയും കുറിച്ചവർ അന്വേഷിച്ചു. രണ്ടുപേരും എന്തോ മറച്ചുവെക്കുന്നതായി അവർക്ക് തോന്നി. പ്യാരീബാൽ ഹോസ്പിറ്റലെത്തി ഡി.ജി.പി യോടൊപ്പം കുട്ടിയുമായി സംസാരിച്ചു. അവന്റെ സഹോദരിക്കെന്തോ ആപത്ത് വരാനിരിക്കുന്നുവെന്നാണത്രെ അവൻ പറയുന്നത്. ഷെപ്പാർ ഗ്രാമത്തിൽ പോയി അവളെ രക്ഷിക്കുന്നതിന് വേണ്ടി അവരാദ്യം ലഡാക്കിലേക്ക് പോയി. അവിടെ അവരെ സഹായിക്കാൻ കേണൽ പുട്ടിറ്റോയുണ്ടായിരുന്നു. പുട്ടിറ്റോ ഷെപ്പാറിന്റെ മാപ്പ് കാണിച്ചു കൊടുത്തു. അങ്ങനെ പൂച്ചപ്പോലീസും ശുനകും ഷെപ്പാറിലെത്തി. അവരെ ആരെക്കെയോ ഒളിഞ്ഞ് നിന്ന് നിരീക്ഷിക്കുന്നുണ്ടായിരുന്നു.

▸▸ മനുഷ്യശരീരത്തിലെ ഏറ്റവും വലിയ ജ്ഞാനേന്ദ്രിയം- ത്വക്ക്